"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - ഏറ്റുമാനൂർ പൂഞ്ഞാർ ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട പാലാ സബ് കോടതിയിലെ LAR 20/07, 149/07 നമ്പർ കേസുകൾക്കായി വിധിക്കടത്തുക അനുവദിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ജി) വകുപ്പ്**

G.O.(Rt)No.867/2026/PWD തീയതി,തിരുവനന്തപുരം, 05-08-2026

---

പരാമർശം:-

1. GO(Rt)No. 152/2026/PWD dated 06.02.2026
2. പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ 05.02.2026, , 04.03.2026, 23.07.2026 തിയതികളിലെ CEPWD/16468/2022-FR7-PWD നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ഏറ്റുമാനൂർ പൂഞ്ഞാർ ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട പാലാ സബ്കോടതിയിലെ വിവിധ കേസുകൾക്ക് അനുവദിക്കേണ്ട തുകയായ 39,20,560/-രൂപ 5054-04-337-80-00-00-PC എന്ന ശീർഷകത്തിൽ മേൽ പരാമർശം 1 പ്രകാരം അനുവദിച്ചിരുന്നതാണ്.

2. മേൽ വിഷയവുമായി ബന്ധപ്പെട്ട LAR 20/07, 149/07 എന്നീ കേസുകൾക്ക് വിധിക്കടത്തുക നൽകുന്നതിനായി യഥാക്രമം 17,737/- രൂപയും 1,25,391/- രൂപയും ആവശ്യമാണെന്നും, പ്രസ്തുത തുക അനുവദിക്കുന്നതിലേക്കായി മുൻപ് അനുവദിച്ച 39,20,560/- രൂപയുടെ ഭരണാനുമതിയോടൊപ്പം ടി. തുകയും കൂടി ഉൾപ്പെടുത്തി ആകെ 40,63,688/- രൂപയുടെ (നാൽപത് ലക്ഷത്തി അറുപത്തി മൂവായിരത്തി അറുനൂറ്റി എൺപത്തി എട്ട് രൂപ മാത്രം) പുതുക്കിയ ഭരണാനുമതി 5054-04-337-80-00-00-PC എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് മേൽ പരാമർശം 2 പ്രകാരം നിരത്ത് വിഭാഗം ചീഫ് എൻഞ്ചിനീയർ അപേക്ഷിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൻറ അടിസ്ഥാനത്തിൽ ഏറ്റുമാനൂർ പൂഞ്ഞാർ ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട പാലാ സബ് കോടതിയിലെ LAR 20/07, 149/07 എന്നീ കേസുകൾക്ക് യഥാക്രമം വേണ്ട 17,737/- രൂപയും 1,25,391/- രൂപയും അനുവദിക്കുന്നതിലേക്കായി പരാമർശം 1 ലെ ഉത്തരവ് പ്രകാരം അനുവദിച്ച 39,20,560/- രൂപയുടെ ഭരണാനുമതിയോടൊപ്പം ടി. തുകകളും കൂടി ഉൾപ്പെടുത്തി ആകെ 40,63,688/- രൂപയുടെ (നാൽപത് ലക്ഷത്തി അറുപത്തി മൂവായിരത്തി അറുനൂറ്റി എൺപത്തി എട്ട് രൂപ മാത്രം) പുതുക്കിയ ഭരണാനുമതി 5054-04-337-80-00-00-PC എന്ന ശീർഷകത്തിൽ അനുവദിച്ചുകൊണ്ട് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SATHEESH KUMAR C
JOINT SECRETARY

പകർപ്പ്:-

ചീഫ് എൻജിനീയർ (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
സൂപ്രണ്ടിംഗ് എൻജിനീയർ (നിരത്ത് വിഭാഗം), സൗത്ത് സർക്കിൾ, തിരുവനന്തപുരം.
ജില്ലാ കലക്ടർ, കോട്ടയം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, കോട്ടയം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Savitha .O.D
Date: 05-08-2026
16:56:01

സെക്ഷൻ ഓഫീസർ